**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 376** **05-12-2022 - ൽ മറുപടിയ്ക്ക്**

**താഴെ പേക്കാൻതോട് - നെയ്തല റോഡും പാലവും നിർമ്മാണ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. പ്രഭാകരൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം അനുവദിക്കപ്പെട്ടിട്ടുള്ള മലമ്പുഴ മണ്ഡലത്തിലെ താഴെ പേക്കാൻതോട് - നെയ്തല റോഡും പാലവും നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; പ്രസ്തുത പദ്ധതിക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ; | (എ) | പ്രസ്തുത പദ്ധതിയ്ക്ക് 17.11.2022 ന് നടന്ന സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (SLSC) അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് ഈ റോഡിന്റെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസിയായ എൻ.ആർ.ഡി.എ. യുടെ പ്രീ-എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും അതുകഴിഞ്ഞ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചതിന് ശേഷം സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത പദ്ധതിയുടെ നിർമ്മാണം എന്ന് ആരംഭിക്കാൻ കഴിയുമെന്നും ഇനി എന്തെല്ലാം നടപടിക്രമങ്ങളാണ് പൂർത്തീകരിക്കാനുള്ളതെന്നും അറിയിക്കുമോ? | (ബി) | പ്രസ്തുത പദ്ധതിയ്ക്ക് 17.11.2022 ന് നടന്ന സ്റ്റേറ്റ് ലെവൽ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (SLSC) അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് ഈ റോഡിന്റെ ഡി.പി.ആർ തയ്യാറാക്കുന്ന നടപടി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയ്ക്ക് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള ഏജൻസിയായ എൻ.ആർ.ഡി.എ. യുടെ പ്രീ-എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും അതുകഴിഞ്ഞ് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ എംപവേർഡ് കമ്മിറ്റിയുടെ അംഗീകാരവും ലഭിച്ചതിന് ശേഷം സംസ്ഥാന സർക്കാരിന്റെ ഭരണാനുമതി ലഭിച്ച് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചതിന് ശേഷം മാത്രമേ പണി ആരംഭിക്കാൻ സാധിക്കുകയുള്ളൂ. നിലവിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ